# നദി നീണ്ടൊഴുകുന്നു




നദി നീണ്ടൊഴുകുന്നു
പിന്നെയുമഗാധമാം
ചുഴിയിൽ, കയങ്ങളിൽ
നോക്കി ഞാനിരിക്കുന്നു.

വനജ്യോൽസ്നകൾ പൂത്ത
മുനിവാടത്തിൽ, ദർഭ-
ക്കതിർ ചൂടിയ നീല
നർമ്മദാ തടങ്ങളിൽ,

ഗിരിഗഹ്വരങ്ങളിൽ,
കാനന മരച്ചില്ല
തണലേകിയ കാവി-
ലിരുളിൻ നിഴൽകളിൽ

ചക്രവാളങ്ങൾ മിഴി
ചിമ്മി നില്ക്കവേ, ചിതൽ
പ്പുറ്റുകൾ വളർന്നെന്നെ
മൂടിയ യുഗങ്ങളിൽ

ഇന്നലെ, മനോഹര
സന്ധ്യകൾ പൂജാപുഷ്പ-
തല്പവുമേന്തിക്കൊണ്ടു
നിന്നതാം വഴികളിൽ

പ്രേമഗൗതമനായ് ഞാ-
നലഞ്ഞു; പൊള്ളും മണൽ-
ക്കാട്ടിലുമെൻ കാലടി-
പ്പാടുകൾ പതിഞ്ഞല്ലോ.

നിങ്ങൾ തൻ പാപത്തിൻെറ
മുൾക്കിരീടവും ചൂടി
കണ്ണുകളടച്ചു ഞാൻ
ലയിച്ചു സമാധിയിൽ.

വേദമന്ത്രവും ചുണ്ടിൽ,
കൈകളിൽ തോക്കും ചൂണ്ടി
വീണ്ടുമെൻ മുന്നിൽ തൊഴു-
കൈയുമായ് നില്പു നിങ്ങൾ.

നദി നീണ്ടൊഴുകുന്നു;
പിന്നെയുമഗാധമാം
ചുഴിയും കയങ്ങളും
നോക്കി ഞാനിരിക്കുന്നു. ■